ഓര്‍ത്തഡോക്സ് സെമിനാരി പാരീഷ്മിഷന്‍
പബ്ലിക്കേഷന്‍
No. 6

# വേദപുസ്തകാധിഷ്ഠിതമായ നമ്മുടെ വിശ്വാസം

ശിശുസ്നാനം

മരണാനന്തരാവസ്ഥ

കര്‍ത്താവിന്‍റെ ദൈവത്വം

ഞായറാഴ്ച ആചരണം

മാത്യൂസ് മാര്‍ ബര്‍ന്നബാസ് മെത്രാപ്പോലീത്താ

വില 75 പൈസ

# വേദപുസ്തകാധിഷ്ഠിതമായ നമ്മുടെ വിശ്വാസം

നമ്മുടെ വിശ്വാസം വേദപുസ്തകത്തേയും വേദപുസ്തകാനുസൃതമായ പാരമ്പര്യത്തേയും അടിസ്ഥാനമാക്കിയുള്ളതാണ്.

## I ശിശുസ്നാനം

1. ശിശുക്കൾക്ക് സ്നാനം നൽകുന്നത് വേദപുസ്തകാനുസരണമോ?
2. ശിശുക്കളെ സ്നാനപ്പെടുത്തണമെന്ന് കർത്താവ് കല്പിച്ചതായി വേദപുസ്തകത്തിൽ കാണാത്തതെന്തുകൊണ്ട്?
3. ശിശുക്കളെ സ്നാനപ്പെടുത്തിയതായി വേദപുസ്തകത്തിൽ പറയുന്നുണ്ടോ?
4. വിശ്വസിക്കുകയും സ്നാനമേല്ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടുമെന്ന് കർത്താവ് പറയുന്നതിനാൽ (വി. മർക്കോ. 16:16) വിശ്വസിച്ച് സ്നാനമേല്ക്കുന്നവന് മാത്രമാണ് രക്ഷ ലഭിക്കുന്നതെന്ന് പെന്തിക്കോസ്തുകാർ പറയുന്നു. ഇതിനുള്ള മറുപടി എന്ത്?
5. കർത്താവ് മുപ്പതാം വയസ്സിൽ സ്നാനമേറ്റത് ഒരു മാതൃകയായി നാം സ്വീകരിക്കേണ്ടതുണ്ടോ?
6. ശൈശവത്തിൽ സ്നാനമേറ്റവർ പ്രായമായതിനുശേഷം വീണ്ടും സ്നാനമേല്ക്കുന്നത് വേദപുസ്തകത്തിനെതിരല്ലേ?

## II (ശാരീരിക) മരണത്തിനുശേഷമുള്ള അവസ്ഥ

1. മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതുകൊണ്ട് അവർക്ക് പ്രയോജനമുണ്ടോ?

2. സങ്കീ. 115:17-ന്റെ അർത്ഥമെന്തു്?

3. നമുക്കുവേണ്ടി പ്രാർത്ഥിക്കണമെന്നു് ആത്മാക്കളോടു് ആവശ്യപ്പെടുന്നതുകൊണ്ടു് നമുക്കു് പ്രയോജനമുണ്ടോ? ആത്മാക്കൾ ഈ ലോകത്തിലെ കാര്യങ്ങൾ അറിയുന്നുണ്ടോ?

## III യേശുക്രിസ്തുവിന്റെ ദൈവത്വം

1. യേശുക്രിസ്തു ദൈവം തന്നെയാണെന്നു് നാം വിശ്വസിക്കുന്നതിന്റെ വേദപുസ്തക അടിസ്ഥാനമെന്തു്?

2. പുത്രൻ ദൈവമെങ്കിൽ, പിതാവിനോടു പ്രാർത്ഥിക്കുകയും, പിതാവിന്റെ ഹിതത്തിനു് കീഴ്പ്പെടുകയും, പിതാവിന്റെ തൃക്കരങ്ങളിൽ ഭരമേല്പിക്കുകയും ചെയ്യുന്നതെങ്ങനെയാണു്?

## IV ഞായറാഴ്ച ആചരണം

1. ശാബത് ആചരണം മാററി ഞായറാഴ്ച ആചരണം ഉണ്ടാക്കിയതിന്റെ ന്യായങ്ങൾ ഏവ?

2. നമ്മുടെ കർത്താവ് ന്യായപ്രമാണത്തെയും ശാബതിനെയും കുറിച്ചു് എന്തു പറയുന്നു?

3. വി. പൗലോസ് ന്യായപ്രമാണത്തെക്കുറിച്ചും ശാബതിനെക്കുറിച്ചും എന്തു പറയുന്നു?

4. വേദപുസ്തകം വ്യാഖ്യാനിക്കുന്നതിനുള്ള അധികാരം ആർക്കാണു്?

ഈ ചോദ്യങ്ങൾക്കുള്ള മറുപടിയാണു് താഴെ കൊടുത്തിരിക്കുന്നതു്.

# I ശിശുസ്നാനത്തെക്കുറിച്ച്

1. ശിശുക്കൾക്ക് സ്നാനം നൽകുന്നതു് വേദപുസ്തകാനുസരണമോ?

ശിശുക്കൾക്കു് സ്നാനം നല്കുന്നതു് വേദപുസ്തകാനുസരണമാണു്. അതു് കർത്താവും ശിഷ്യന്മാരും പഠിപ്പിച്ചതിനു് അനുസരണമാണു്. നേരെമറിച്ചു്, ശിശുക്കൾക്കു് സ്നാനം വിലക്കുന്നതു് വേദപുസ്തകത്തിനെതിരാണു്,



a) 1 യോഹ. 2:12-ൽ പറയുന്നതു് ശ്രദ്ധിക്കുക. ''കുഞ്ഞുങ്ങളെ,
(ടെക്നാ) നിങ്ങൾക്കു് അവന്റെ നാമം നിമിത്തം, പാപ
ങ്ങൾ മോചിച്ചിരിക്കയാൽ, ഞാൻ നിങ്ങൾക്കു് എഴുതുന്നു.''
യേശുക്രിസ്തുവിന്റെ നാമത്തിലുള്ള സ്നാനത്തിൽകൂടി പാപ
മോചനം ലഭിച്ചതാണു് ഇവിടെ പറയുന്നതു്. ഏതായാലും
കുഞ്ഞുങ്ങൾക്കു് പാപമോചനം ലഭിച്ചെന്നു് പറയുന്നതിനാൽ,
ശൈശവത്തിൽ പാപമോചനം ലഭിക്കുമെന്നുള്ളതിനു് ഇതു്
ഒരു തെളിവാണു്. വി. യോഹന്നാൻ ശ്ലീഹായുടെ സാക്ഷ്യം
നാം സ്വീകരിക്കേണ്ടതല്ലേ? ഇവിടെ കുഞ്ഞുങ്ങളെന്നു് പറയു
ന്നതു് കേവലം വാത്സല്യമായി പറയുന്നതല്ലെന്നും, ശിശുക്ക
ളെക്കുറിച്ചാണെന്നും രണ്ടു കാരണങ്ങൾകൊണ്ടു് വ്യക്തമാക്കാം.
1. ഇവിടെ ഉപയോഗിച്ചിരിക്കുന്ന വാക്കു് മൂലഭാഷയായ ഗ്രീ
ക്കിൽ ''ടെക്നാ'' എന്നാണു്. ഇതിന്റെ അർത്ഥം ശിശുക്ക
ളെന്നാണു്. 2. തുടർന്നുള്ള വാക്യങ്ങളിൽ പിതാക്കന്മാരെയും
ബാല്യക്കാരെയും പ്രത്യേകം എടുത്തു പറഞ്ഞിരിക്കുന്നതിനാൽ
ഇവിടെ ശിശുക്കളെ ആണു് ഉദ്ദേശിച്ചിരിക്കുന്നതെന്നുള്ളതിൽ
അശേഷം സംശയിക്കാനില്ല.

പക്ഷവാതക്കാരനെ കൊണ്ടുവന്നവരുടെ വിശ്വാസം കണ്ടു
കർത്താവ് പക്ഷവാതക്കാരന്റെ പാപങ്ങൾ മോചിച്ചെങ്കിൽ
(വി. മത്താ. 9:2) നമ്മുടെ വിശ്വാസത്തോടുകൂടിയ പ്രാർത്ഥ
നയിൽകൂടി, കർത്താവ് ശിശുവിനു് പാപമോചനം നൽകുന്ന
താണു്. ശിശുവിനു് സ്വന്തമായ പാപമില്ലെങ്കിലും, ആദാം
മുതൽ എല്ലാവരും പാപത്തിലാണല്ലോ. പാപത്തെ ജയിക്കു
ന്നതിനുള്ള കൃപ ദൈവം ശിശുവിനു് നൽകുന്നു. അതിനാൽ
പാപമോചനത്തിനുള്ള മാമോദീസ ശിശുവിനു് നൽകുന്നതു്
വേദാനുസരണമാണു്. അതു് നൽകാതിരിക്കുന്നതു് വേദപുസ്ത
കത്തിനെതിരുമാണു്.

b) അപ്പോ. 2:39-ൽ ശിശുക്കൾക്കു് പരിശുദ്ധാത്മാവ് ലഭിക്കുമെ
ന്നു് പറയുന്നു. ''വാഗ്ദത്തം (പരിശുദ്ധാത്മാവെന്ന ദാനം) നി
ങ്ങൾക്കും നിങ്ങളുടെ മക്കൾക്കും (ടെക്നാ-ശിശുക്കൾ) നമ്മു
ടെ ദൈവമായ കർത്താവ് വിളിച്ചുവരുത്തുന്ന ദൂരസ്ഥന്മാരായ
ഏവർക്കുമുള്ളതല്ലൊ?'' ഇതിനു് മുമ്പുള്ള വാക്യത്തിൽ പ്രായമാ
യവർ മാനസാന്തരപ്പെട്ടു്, സ്നാനമേററ് പരിശുദ്ധാത്മാവിനെ

പ്രാപിക്കുന്ന കാര്യം പറയുന്നുണ്ട്. അവരുടെ ശിശുക്കൾക്കും
പരിശുദ്ധാത്മാവ് ലഭിക്കുമെന്ന് പറയുന്നതിനാൽ (39-ാം വാ
ക്യം) സ്നാനത്തിൽകൂടി ശിശുക്കൾക്ക് പരിശുദ്ധാത്മാവിനെ
നൽകുന്നത്, വേദപുസ്തകാനുസരണമാണ്.

യോഹന്നാൻ സ്നാപകൻ അമ്മയുടെ ഗർഭത്തിൽ വച്ച്
പരിശുദ്ധാത്മാവുകൊണ്ടു നിറയുമെന്ന് ഗബ്രിയേൽ മാലാഖ
പറഞ്ഞതും (വി. ലൂക്കോ. 1:15) അവന്റെ അമ്മ എലിസ
ബേത്ത് പരിശുദ്ധാത്മാവു നിറഞ്ഞവളായി സംസാരിച്ച
പ്പോൾ പിള്ള ഉദരത്തിൽ തുള്ളിയെന്ന് പറഞ്ഞതും,
(വി. ലൂക്കോ. 1:39–44) യോഹന്നാന്റെ വളർച്ചയെക്കു
റിച്ച് ''പൈതൽ വളന്നു, ആത്മാവിൽ ബലപ്പെട്ടു''
(വി. ലൂക്കോ. 1:80) എന്ന് പറഞ്ഞിരിക്കുന്നതും, ഇവിടെ
ശ്രദ്ധേയമാണ്. യോഹന്നാൻ പരിശുദ്ധാത്മാവിനെ പ്രാപിച്ച
ത് അവന്റെ വിശ്വാസവും മാനസാന്തരവും സമർപ്പണവും
കൊണ്ടായിരുന്നില്ലല്ലോ. സ്നാനത്തിലെ നമ്മുടെ പ്രാർത്ഥന
യിൽകൂടി നാം പരിശുദ്ധാത്മാവുകൊണ്ട് ഒന്നുകൂടി നിറയുക
യും, ശിശുവിന്ന് പരിശുദ്ധാത്മാവ് ലഭിക്കുകയും ചെയ്യുന്നു.
അതിനാൽ ശിശുക്കൾക്ക് സ്നാനവും മൂറോനഭിഷേകവും നൽ
കി, പരിശുദ്ധാത്മാവിനെ നല്കുന്നത് വേദപുസ്തകാനുസരണ
മാണ്. അപ്രകാരം ചെയ്യാതിരിക്കുന്നത് വേദപുസ്തകത്തി
നെതിരുമാണ്.

c) വി. യോഹ. 3:5 ''അതിന്ന് യേശു: സത്യമായും സത്യമായും
ഞാൻ നിന്നോടു പറയുന്നു. വെള്ളത്താലും ആത്മാവാലും ജനി
ച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയി
ല്ല'' എന്നരുളിച്ചെയ്ത കർത്താവ്, ''ശിശുക്കളെ എന്റെ അടു
ക്കൽ വരുവാൻ വിടുവിൻ; അവരെ തടുക്കരുത്; ദൈവരാജ്യം
ഇങ്ങനെയുള്ളവരുടേതല്ലോ'' (വി. മർക്കോ. 10:14) എന്നും
അരുളിച്ചെയ്തിരിക്കുന്നു. സ്വർഗ്ഗരാജ്യത്തിലേയ്ക്കുള്ള പ്രവേശനം
ശിശുക്കൾക്ക് നിഷേധിക്കുവാൻ പാടില്ലല്ലൊ. അതിനാൽ
ശിശുക്കൾക്ക് സ്നാനം നല്കുന്നത് കർത്താവിന്ന് ഹിതകരമാ
ണ്. നൽകാതിരിക്കുന്നത് തന്റെ ഹിതത്തിന്ന് എതിരു
മാണ്.



ശിശു പ്രായമാകുന്തോറും, ശിശുവിനെ വിശ്വാസത്തിലും മാനസാന്തരത്തിലും സമർപ്പണത്തിലും വളർത്തണം. വി. കുമ്പസ്സാരം നടത്തുമ്പോൾ പ്രായമായ ആൾ സ്വയം പ്രതിഷ്ഠിക്കുകയും, മേലാൽ പാപം ചെയ്കയില്ലെന്ന സ്നാനത്തിലെ പ്രതിജ്ഞയെ, സ്വന്തം ഉത്തരവാദിത്തത്തിൽ പുതുക്കുകയും ചെയ്യുന്നു.

2. ശിശുക്കളെ സ്നാനപ്പെടുത്തണമെന്ന് കർത്താവ് കല്പിച്ചതായി വേദപുസ്തകത്തിൽ കാണാത്തതെന്തുകൊണ്ട്?

ശിശുക്കളെ സഭയിൽ ചേർക്കുന്നതിനെ സംബന്ധിച്ച യാതൊരു സംശയമോ തർക്കമോ അന്ന് ഇല്ലാതിരുന്നതിനാൽ അതിനെക്കുറിച്ച് ഒന്നും കൽപ്പിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല.

അതേസമയത്ത് 'ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടുക്കരുത്; സ്വർഗ്ഗരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ' (വി. മർക്കോ. 10:14) എന്നരുളിച്ചെയ്ത കർത്താവ്, ശിശുസ്നാനത്തിന്ന് അനുകൂലിയാണെന്ന് ഗ്രഹിക്കാം. താൻ അവരെ അനുഗ്രഹിക്കുകയും ചെയ്തു. ശിശുക്കൾക്ക് അറിവും വിശ്വാസവും ഉണ്ടായിട്ടല്ലല്ലൊ അവരെ അനുഗ്രഹിച്ചത്.

മാത്രവുമല്ല, ശിശുക്കൾക്ക് സ്നാനം നല്കരുതെന്ന് കർത്താവ് പറഞ്ഞതായി, വേദപുസ്തകത്തിൽ ഒരിടത്തും കാണുന്നില്ല.

കർത്താവ് ശിശുസ്നാനത്തിനെതിരായിരുന്നെന്ന് സങ്കല്പിക്കുന്നെങ്കിൽ, തീർച്ചയായും, അക്കാര്യം താൻ പ്രത്യേകം എടുത്തു പറയുമായിരുന്നു. കാരണം 8–ാം ദിവസം പരിഛേദന നൽകി ശിശുക്കളെ യഹൂദ സഭയിൽ ചേർത്തിരുന്നതുപോലെ, ക്രിസ്തുസഭയിൽ ചെയ്യരുതെന്ന്, ന്യായമായും കർത്താവ് പറയേണ്ടതായിരുന്നു. അങ്ങനെ പറയാതിരുന്നതിൽനിന്നും മനസ്സിലാക്കേണ്ടത്, കർത്താവ് ശിശുസ്നാനത്തിനെതിരല്ലായിരുന്നെന്നാണ്.

ഏതായാലും ശിശുക്കളെ സ്നാനപ്പെടുത്തണമെന്ന് കർത്താവ് പ്രത്യേകം പറഞ്ഞതായി കാണാതിരിക്കുന്നത് ശിശുസ്നാനത്തിന്നെതിരായ ഒരു ന്യായമായി പറയാവുന്നതല്ല.

## 3. ശിശുക്കളെ സ്നാനപ്പെടുത്തിയതായി വേദപുസ്തകത്തിൽ പറയുന്നുണ്ടോ?

ശിശുക്കളെ സ്നാനപ്പെടുത്തിയതായി വേദപുസ്തകത്തിൽ പ്രത്യേകം എടുത്തുപറഞ്ഞിട്ടില്ലെന്നുള്ളതുകൊണ്ട് ശിശുക്കളെ സ്നാനപ്പെടുത്തിയിരുന്നില്ലെന്ന് പറയാൻ വയ്യ.

a) 1 യോഹ. 2:12-ൽ കുഞ്ഞുങ്ങൾക്ക് (ശിശുക്കൾക്ക്) പാപമോചനം ലഭിച്ചതായി പറഞ്ഞിരിക്കുന്നതിനാൽ, അവർക്ക് സ്നാനം ലഭിച്ചിരുന്നതായി അനുമാനിക്കാം.

b) കുടുംബങ്ങൾ സ്നാനപ്പെട്ടതായി ചിലയിടത്ത് പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ട്. കുടുംബങ്ങളെന്ന് പറയുമ്പോൾ മക്കളെയും ഉൾപ്പെടുത്തുന്നുണ്ട്. അവരിൽ ശിശുക്കളും ഉണ്ടായിരുന്നിരിക്കണം. മക്കളില്ലെങ്കിൽ അവർ ഇരുവരുമെന്നാണ് പറഞ്ഞിരുന്നത്. മകനുണ്ടാകുന്നതിന് മുമ്പ് അവർ ഇരുവരുമെന്ന്, സഖറിയാ പുരോഹിതനെയും എലിസബേത്തിനെയും കുറിച്ച് പറയുന്നു (വി. ലൂക്കോ. 1:6). കുടുംബങ്ങൾ സ്നാനം ഏററതായി പറഞ്ഞിരിക്കുന്നതിന് ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു: ലുദിയായും കുടുംബവും സ്നാനമേററു (അപ്പോ. 16:15). കാരാഗൃഹപ്രമാണിയും തനിക്കുള്ളവരൊക്കെയും സ്നാനമേററു (അപ്പോ. 16:33). ക്രിസ്പോസ് തന്റെ സകല കുടുംബത്തോടും കൂടെ സ്നാനമേററു (അപ്പോ. 18:17). സ്തേഫാനോസിന്റെ ഭവനക്കാരെ വി. പൗലോസ് സ്നാനം കഴിപ്പിച്ചു.

(1 കൊരി. 1:16).

c) ശിശുക്കൾക്ക് സ്നാനം നൽകാതെ പ്രായമാകുന്നതുവരെ കാത്തിരുന്നതായി വേദപുസ്തകത്തിൽ ഒരിടത്തും കാണുന്നില്ലെന്നുള്ളതും ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്.

## 4. വിശ്വസിക്കുകയും സ്നാനമേല്ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടുമെന്ന് (വി. മർക്കോ. 16:16) കർത്താവ് പറയുന്നതിനാൽ, വിശ്വസിച്ച് സ്നാനമേല്ക്കുന്നവന് മാത്രമാണ് രക്ഷ ലഭിക്കുന്നതെന്ന് പെന്തിക്കോസ്തുകാർ പറയുന്നു. ഇതിനുള്ള മറുപടിയെന്ത്?

മർക്കോ. 16:16-നു മുമ്പായി 15-ാം വാക്യവും ചേർത്തു വായിക്കുമ്പോഴാണ്, ഇവിടെ പ്രായമായവരുടെ കാര്യമേ പറയുന്നുള്ളു എന്ന സത്യം വെളിവാകുന്നത്. ശിശുക്കളെക്കുറിച്ച് ഇവിടെ ഒന്നുംതന്നെ പറയുന്നില്ല.



'പിന്നെ അവൻ അവരോട്: നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല ജാതികളോടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കുകയും സ്നാനമേല്ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും' (വി. മർക്കോ. 16:15–16). സുവിശേഷം കേൾക്കുന്നവരിൽ, വിശ്വസിക്കുന്നവരും വിശ്വസിക്കാത്തവരും കാണും. വിശ്വസിക്കുന്നവർ സ്നാനമേല്ക്കുകയും രക്ഷിക്കപ്പെടുകയും ചെയ്യുന്നു. വിശ്വസിക്കാത്തവർ കേട്ടിട്ടും വിശ്വസിക്കായ്കയാൽ, ശിക്ഷാവിധിയിൽ അകപ്പെടും. ഇവിടെ ശിശുക്കളെക്കുറിച്ച് ഒന്നും പറയാത്തതിനാൽ ഇത് ശിശുസ്നാനത്തിനെതിരായോ, അനുകൂലമായോ പറയാവുന്ന വേദഭാഗമല്ല.

വി. മർക്കോ. 16:9–17 ബ്രാക്കററിൽ ഇട്ടിരിക്കുന്നതിന്റെ കാരണം, അത് പിന്നീട് കൂട്ടിച്ചേർത്തതായതുകൊണ്ടാണ് എന്നുള്ളതും പ്രസ്താവ്യമാണ്.

## 5. കർത്താവ് മുപ്പതാമത്തെ വയസ്സിൽ സ്നാനമേററത് ഒരു മാതൃകയായി സ്വീകരിക്കേണ്ടതുണ്ടോ?

കർത്താവ് ഏററ സ്നാനമല്ല നാം ഏല്ക്കുന്ന സ്നാനം. കർത്താവ് ഏററത് യോഹന്നാന്റെ മാനസാന്തര സ്നാനമായിരുന്നു. ഈ മാനസാന്തര സ്നാനമേററ പന്ത്രണ്ടുപേരെ വി. പൗലോസ് വീണ്ടും സ്നാനം കഴിപ്പിച്ചതായി നാം വായിക്കുന്നു (അപ്പോ. 19:1–7). അതിനാൽ ഇക്കാര്യത്തിൽ കർത്താവിനെ അനുകരിക്കേണ്ടതില്ല.

## 6. ശൈശവത്തിൽ സ്നാനമേററവർ, പ്രായമായതിനു ശേഷം വീണ്ടും സ്നാനമേല്ക്കുന്നത് വേദപുസ്തകത്തിനെതിരല്ലേ?

ഇപ്രകാരം ചെയ്യുന്നത് വേദപുസ്തകത്തിനെതിരാണ്. കർത്താവിനും, സഭയ്ക്കും, കൂദാശകൾക്കും അത് അപമാനമാണ്. അത് ദൈവാനുഗ്രഹത്തിനല്ല ദൈവകോപത്തിനു കാരണമാകും. സ്നാനത്തിൽകൂടി പരിശുദ്ധാത്മാവിനെ പ്രാപിച്ച്

വീണ്ടും ജനിച്ച ആൾക്ക് വീണ്ടും സ്നാനമേല്ക്കുവാൻ ന്യായമില്ല. ഒരിക്കൽ മകനെങ്കിൽ എന്നും മകനാണ്. വിശ്വാസത്തിലും മാനസാന്തരത്തിലും സമർപ്പണത്തിലും ശിശുവിനെ വളർത്തുകയും, വി. കുമ്പസാരത്തിൽകൂടി സ്നാനത്തിലെ ഉടമ്പടിയെ പുതുക്കുകയുമാണ് വേണ്ടത്. മുടിയൻ പുത്രൻ മാനസാന്തരപ്പെട്ടാൽ മതി. തിന്മകൾ ചെയ്യുകയില്ലെന്ന് പ്രതിജ്ഞ ചെയ്യുമ്പോൾ, സാത്താനെ വീണ്ടും ഉപേക്ഷിക്കുകയാണ്. സുകൃതജീവിതത്തിൽ കൂടി നന്മകൾ കഴിയുന്നത്ര ചെയ്യുമെന്ന് പ്രതിജ്ഞചെയ്യുമ്പോൾ, കർത്താവിലുള്ള വിശ്വാസത്തെ പുതുക്കുകയുമാണ് ചെയ്യുന്നത്.

ശമര്യയിലെ മന്ത്രവാദിയായിരുന്ന ശിമോൻ സ്നാനമേററപ്പോൾ, ശരിയായ വിശ്വാസമുണ്ടായിരുന്നില്ലെന്നുള്ളത് പിന്നീടുള്ള സംസാരത്തിൽനിന്നറിയാം. എന്നിട്ടും അവനോട് വീണ്ടും സ്നാനമേല്ക്കണമെന്നല്ല പറഞ്ഞത്, മാനസാന്തരപ്പെടാനാണ് (അപ്പോ. 8:14-24). 'സ്നാനമൊന്ന്'' (എഫേ. 4:5) എന്ന് വി. പൗലോസ് പറയുന്നതിന്റെ അർത്ഥം സ്നാനം ഒരിക്കലേ ഉള്ളു എന്നാണ്.

## ഉപസംഹാരം

ഒരു മനുഷ്യന്റെ സ്വഭാവരൂപവല്ക്കരണത്തിന്റെ സുപ്രധാനമായ ഘട്ടം 3 വയസ്സു വരെയെന്നാണ് മനഃശാസ്ത്രജ്ഞന്മാർ പറയുന്നത്. അതിനാൽ പാപമോചനവും, പരിശുദ്ധാത്മദാനവും ശിശുക്കൾക്ക് എത്രയും നേരത്തേ നല്കേണ്ടതാണ്.

വിശ്വാസത്തിൽ വിട്ടുവീഴ്ച പാടില്ല. 'ഒരുത്തൻ ഈ വിശ്വാസംകൊണ്ടല്ലാതെ നിങ്ങളുടെ അടുക്കൽ വരുന്നെങ്കിൽ, അവനെ വീട്ടിൽ കൈക്കൊള്ളരുത്. അവനു കുശലം പറയുകയുമരുത്'' (2 യോഹ. 10–ാം വാക്യം) എന്ന് സ്നേഹത്തിന്റെ അപ്പോസ്തോലനായ യോഹന്നാൻ പോലും പറയുന്നു.

'എന്നാൽ ഞങ്ങൾ നിങ്ങളോട് അറിയിച്ചതിനു വിപരീതമായി, ഞങ്ങൾ ആകട്ടെ, സ്വർഗ്ഗത്തിൽനിന്ന് ഒരു ദൂതനാകട്ടെ നിങ്ങളോടു സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ' (ഗലാ. 1:8) എന്ന് വി. പൗലോസും പറയുന്നു.

# II (ശാരീരിക) മരണത്തിനുശേഷമുള്ള അവസ്ഥയെക്കുറിച്ച്

**1. മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതുകൊണ്ട് അവർക്ക് പ്രയോജനമുണ്ടോ?**

a) ആത്മാക്കൾ സജീവരായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനാൽ, ദൈവകൃപ അവർക്ക് ആവശ്യമാണ്. ആ കൃപ അവർക്ക് നല്കുന്നതിനായി നാം പ്രാർത്ഥിക്കുന്നത് അവർക്ക് പ്രയോജനകരമാണ് (2 കൊരി. 5:9). ''അതുകൊണ്ട് ശരീരത്തിൽ വസിച്ചാലും ശരീരം വിട്ടാലും ഞങ്ങൾ അവനെ പ്രസാദിപ്പിക്കുന്നവർ ആകുവാൻ അഭിമാനിക്കുന്നു'' എന്ന് വി. പൗലോസ് പറയുന്നു. ആത്മാവ് ശരീരത്തിൽനിന്ന് വേർപെട്ടതിനുശേഷവും ദൈവത്തെ പ്രസാദിപ്പിക്കുമെന്ന് ഇവിടെ പറയുന്നു. ദൈവത്തെ പ്രസാദിപ്പിക്കുന്നതിന് ദൈവത്തിന്റെ കൃപ ആവശ്യമാണല്ലോ (വി. യോഹ. 15:5). ആ ദൈവകൃപ ദൈവം അവർക്കു കൊടുക്കുവാനായി നാം പ്രാർത്ഥിക്കുന്നത് അവർക്കു പ്രയോജനകരമാണ്. അങ്ങനെ പ്രാർത്ഥിക്കേണ്ടതു നമ്മുടെ ചുമതലയുമാണ്.

b) വെളി. 7:9–17; പത്മോസ് ദ്വീപിൽവച്ച് യോഹന്നാൻ ശ്ലീഹ കണ്ട സ്വർഗ്ഗത്തിന്റെ ദർശനമാണ് ഇവിടെ വർണ്ണിച്ചിരിക്കുന്നത്. ''രക്ഷയെന്നുള്ളത് സിംഹാസനത്തിൽ ഇരിക്കുന്നവനായ നമ്മുടെ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാനമെന്ന് അവർ അത്യുച്ചത്തിൽ ആർത്തുകൊണ്ടിരുന്നു'' (വെളി. 7:10). ''അതുകൊണ്ട് അവർ ദൈവത്തിന്റെ സിംഹാസനത്തിൻ മുമ്പിൽ ഇരുന്ന്, അവന്റെ ആലയത്തിൽ രാപകൽ അവനെ ആരാധിക്കുന്നു'' (വെളി. 7:15). വേണ്ടവണ്ണം ആരാധന നടത്തുന്നതിന് പരിശുദ്ധാത്മ നടത്തിപ്പ് ആവശ്യമാണല്ലോ (റോമ. 8:26). അതിനാൽ പരിശുദ്ധാത്മ നടത്തിപ്പ് ആത്മാക്കൾക്കു ലഭിക്കുന്നതിനായി, നാം പ്രാർത്ഥിക്കേണ്ടതാണ്. അതു് അവർക്ക് പ്രയോജനപ്പെടുകയും ചെയ്യും.

c) 1 പത്രോ. 3:19 "ആത്മാവിൽ അവൻ (കർത്താവ്) ചെന്ന് പണ്ട് നോഹയുടെ കാലത്ത് പെട്ടകം ഒരുക്കുന്ന സമയം, ദൈവം ദീർഘക്ഷമയോടെ കാത്തിരിക്കുമ്പോൾ അനുസരിക്കാത്തവരായി, തടവിലുള്ള ആത്മാക്കളോട് പ്രസംഗിച്ചു." നോഹയുടെ കാലത്തെ അനുസരണംകെട്ട ആത്മാക്കൾ പൂർണ്ണമായി നശിച്ചുപോയിട്ടില്ലായിരുന്നെന്നും, രക്ഷയിലേയ്ക്ക് വരുന്നതിനുള്ള സാദ്ധ്യത ഉണ്ടായിരുന്നെന്നും ഇതിൽനിന്നും മനസ്സിലാക്കാം. മരിക്കുമ്പോൾ ആരും പൂർണ്ണതയെ പ്രാപിച്ചുകാണുകയില്ലല്ലോ. അതിനാൽ ദൈവത്തിന്റെ ഭക്തന്മാർ പരലോകത്തിൽ കൂടുതൽ പ്രകാശം ലഭിച്ച്, മാനസാന്തരത്തിലേയ്ക്കും പാപമോചനത്തിലേയ്ക്കും വന്ന്, പൂർണ്ണതയിലേക്ക് വളരുമെന്നാശിക്കാം. ഇതിന് ആവശ്യമായ ദൈവകൃപ അവർക്ക് കൊടുക്കേണമേ, അഥവാ അവരുടെ കടങ്ങളും പാപങ്ങളും ക്ഷമിക്കേണമേ എന്ന് നാം പ്രാർത്ഥിക്കേണ്ടതാണ്. ആ പ്രാർത്ഥന അവർക്ക് പ്രയോജനകരമാകുകയും ചെയ്യും.

d) പാപത്തിൽ കഠിനപ്പെട്ടാൽ, മാനസാന്തരം സാദ്ധ്യമല്ലാത്ത അവസ്ഥയിൽ നാം ആയിപ്പോയെന്ന് വരും. ലോകത്തിന് നമ്മിൽനിന്ന് ലഭിക്കേണ്ട നന്മ നഷ്ടപ്പെട്ടുപോകുകയും ചെയ്യും. അതിനാൽ ഒരിക്കൽപ്പോലും പാപത്തിന് ഇടം കൊടുക്കാതെയും കഴിയുന്ന നന്മ ചെയ്ത് നാം ഇഹത്തിൽ ജീവിക്കേണ്ടതാണ് (2 കൊരി. 5:10). "അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിന്, നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു." ഈ വേദഭാഗം നമ്മുടെ ഇഹലോകജീവിതത്തിൽ ഉണ്ടായിരിക്കേണ്ട സൂക്ഷ്മതയെക്കുറിച്ച് നമ്മെ ബോധവാന്മാരാക്കുന്നുണ്ട്. എന്നാൽ മരണാനന്തരം ആത്മാക്കൾക്ക് ഒരു മാറ്റവും വരികയില്ലെന്ന് ഈ വാക്യത്തെ അടിസ്ഥാനമാക്കി പറയുന്നത് തെറ്റാണ്. ധനവാന്റെയും ലാസറിന്റെയും ഉപമയിൽ പറഞ്ഞിരിക്കുന്നതുപോലെ, പിളർപ്പിനടിയിൽ പോകുന്ന അവസ്ഥ ഏതൊരു സമയത്തും ഉണ്ടാകാം. പരിശുദ്ധാത്മാവിന് വിരോധമായ പാപത്തിന്, ഇഹത്തിലും പരത്തിലും മോച



നമില്ല, അതിനാൽ നാം സൂക്ഷ്മതയോടെ ജീവിക്കുകയും വേണം.

## 2. സങ്കീ. 115:17 ന്റെ അർത്ഥമെന്ത്?

"മരിച്ചവരും മൗനതയിൽ ഇറങ്ങിയവർ ആരും യഹോവയെ സ്തുതിക്കയില്ല." ഈ വേദഭാഗത്തെ തെറ്റായി വ്യാഖ്യാനിക്കുന്ന പ്രോട്ടസ്റ്റന്റുകാരാണ്, മരിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ചതുകൊണ്ട് അവർക്ക് പ്രയോജനമില്ലെന്ന് പറയുന്നത്. ആത്മാക്കൾ നിഷ്ക്രിയരാണെന്ന് അവർ പറയുന്നു. എന്നാൽ ഈ വ്യാഖ്യാനം തെറ്റാണെന്നുള്ളത് അടുത്ത വാക്യവും ചേർത്തു ചിന്തിച്ചാൽ മനസ്സിലാക്കാം. മാത്രവുമല്ല, ആത്മാക്കൾ നിഷ്ക്രിയരല്ലെന്നുള്ളതിന് പുതിയനിയമത്തിൽ വളരെയേറെ തെളിവുകൾ ഉണ്ട്.

ഇവിടെ മരിച്ചവരെന്നു പറയുന്നത്, ശാരീരികമരണമനുഭവിച്ചവരെക്കുറിച്ചാണെന്നാണ് പ്രോട്ടസ്റ്റന്റുകാർ വ്യാഖ്യാനിക്കുന്നത്. "നാമോ ഇന്നുമുതൽ എന്നുമെന്നേയ്ക്കും യഹോവയെ വാഴ്ത്തും (സങ്കീ. 115:18) എന്നു കാണുന്ന അടുത്ത വാക്യത്തിന് അപ്പോൾ അർത്ഥമില്ലാതെ വരും. കാരണം, നാം മരിക്കുന്നതുവരെ യഹോവയെ വാഴ്ത്തുമെന്നാണ് പറയേണ്ടത്. 'എന്നുമെന്നേയ്ക്കും' എന്നു പറഞ്ഞാൽ മരണാനന്തരവും അതിൽ ഉൾപ്പെടുമല്ലോ. ഇങ്ങനെ 18–ാം വാക്യം അർത്ഥശൂന്യമാകുന്നതിനാൽ ഇവരുടെ 17–ാം വാക്യത്തിന്റെ വ്യാഖ്യാനം തെറ്റെന്ന് വരുന്നു.

എന്നാൽ 17–ാം വാക്യത്തിൽ മരിച്ചവർ എന്നു പറയുന്നത്, ആത്മാവിൽ മരിച്ചവരെന്ന് ചിന്തിച്ചാൽ ഒരു കുഴപ്പവുമില്ല. ആത്മാവിൽ മരിച്ചവർ ദൈവത്തെ സ്തുതിക്കയില്ലല്ലോ. നാം ആത്മാവിൽ മരിച്ചവരല്ലാത്തതിനാൽ, മരണംവരേക്കെന്നല്ല മരണാനന്തരവും, എന്നെന്നേയ്ക്കും വാഴ്ത്തുമെന്ന് പറയുന്നത് അർത്ഥവത്തായിത്തീരുന്നു. ഈ വ്യാഖ്യാനം പുതിയനിയമത്തിലെ എല്ലാ വാക്യങ്ങളോടും യോജിക്കുന്നതാണ്. എന്നാൽ ഈ തെറ്റു സമ്മതിക്കുന്നതിനുള്ള വിനയം, പ്രോട്ടസ്റ്റന്റുകാർക്ക് ഇല്ലാതെപോയിരിക്കുന്നു. ഇക്കാരണത്താൽ തന്നെയാണ് തങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതിന് ആത്മാക്കളോട് അവർ ആവശ്യപ്പെടാത്തതും.

3. നമുക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് ആത്മാക്കളോട് ആവശ്യപ്പെടുന്നതുകൊണ്ട് നമുക്കു പ്രയോജനമുണ്ടോ? ആത്മാക്കൾ ഈ ലോകത്തിലെ കാര്യങ്ങൾ അറിയുന്നുണ്ടോ?

ആത്മാക്കൾ ഈ ലോകത്തിലെ കാര്യങ്ങൾ അറിയുന്നുണ്ടെന്നാണ് വേദപുസ്തകം പറയുന്നത്.

കർത്താവിന്റെ മറുരൂപസമയത്ത് മോശയും ഏലിയാവും പ്രത്യക്ഷപ്പെട്ട് യെറുശലേമിൽ തനിക്കു വരാൻപോകുന്ന നിര്യാണത്തെക്കുറിച്ച് സംസാരിച്ചു (വി. ലൂക്കാ. 9:31). അവർക്ക് അങ്ങനെ സംസാരിക്കാൻ സാധിച്ചത്, ഇവിടെയുള്ള കാര്യങ്ങൾ അറിഞ്ഞുകൊണ്ടിരുന്നതുകൊണ്ടാണ്. കർത്താവിനെ പ്രോത്സാഹിപ്പിക്കുന്നതിനും ധൈര്യപ്പെടുത്തുന്നതിനുമായിരിക്കണം അവർ സംസാരിച്ചത്.

അവർ പ്രത്യക്ഷപ്പെട്ടെന്നാണ് പറയുന്നത്, അവിടെ വന്നെന്നല്ല. ആത്മാക്കൾ സ്ഥലകാലങ്ങൾക്ക് അതീതരാണ്.

''ആകയാൽ സാക്ഷികളുടെ ഇത്ര വലിയൊരു സമൂഹം നമ്മുടെ ചുറ്റും നില്ക്കുന്നതുകൊണ്ട്, സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ട്, നമ്മുടെ ഓട്ടം സ്ഥിരതയോടെ ഓടുക'' (എബ്രാ. 12:1). പതിനൊന്നാമദ്ധ്യായത്തിൽ പറഞ്ഞ വിശ്വാസവീരന്മാരുടെ ആത്മാക്കളെക്കുറിച്ചാണ്, സാക്ഷികളുടെ വലിയ ഒരു സമൂഹമെന്ന് ഇവിടെ പന്ത്രണ്ടാമദ്ധ്യായത്തിന്റെ ആരംഭത്തിൽ പറയുന്നത്. അവർ നമ്മെ കാണുന്നു എന്നുള്ളതുകൊണ്ടാണല്ലോ, നമ്മുടെ ഓട്ടത്തിൽ ശ്രദ്ധ വേണമെന്ന് പറയുന്നത്.

ആത്മാക്കൾ രാപകൽ ദൈവത്തെ ആരാധിക്കുന്നെന്നും നാം കണ്ടു (വെളി. 7:15). ''നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു'' (വി. യാക്കോ. 5:16) എന്നു വി. യാക്കോബും പറയുന്നു.

അതിനാൽ നമുക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ആത്മാക്കളോട് ആവശ്യപ്പെടുന്നത് വേദപുസ്തകാനുസരണമാണ്, നമുക്കു പ്രയോജനകരവുമാണ്.

# III യേശുക്രിസ്തുവിന്റെ ദൈവത്വം

1) യേശുക്രിസ്തു ദൈവം തന്നെയെന്ന് വിശ്വസിക്കുന്നതിന്റെ വേദപുസ്തക അടിസ്ഥാനമെന്ത്?

a) യോഹന്നാൻ സ്നാപകന്റെ സാക്ഷ്യം:

'ഇതാ ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്'' (വി. യോഹ. 1:29) എന്ന് യോഹന്നാൻ സ്നാപകൻ പറഞ്ഞു. ദൈവത്തിൽനിന്ന് ലഭിച്ച പ്രത്യേക വെളിപാടിൽക്കൂടിയാണ് യോഹന്നാൻ ഇതു മനസ്സിലാക്കിയതെന്ന് തുടർന്നു പറയുന്നു (വി. യോഹ. 1:30–34).

ലോകത്തിന്റെ പാപം ചുമക്കണമെങ്കിൽ, യേശു പാപരഹിതനായിരിക്കണം. ദൈവമല്ലാതെ പാപരഹിതനായി ആരുമില്ല. അതിനാൽ താൻ ദൈവംതന്നെയാണ്.

b) കർത്താവിന്റെ സാക്ഷ്യം:

1. 'എന്റെ പിതാവ് ഇന്നുവരെ പ്രവർത്തിക്കുന്നു, ഞാനും പ്രവർത്തിക്കുന്നു' (വി. യോഹ. 5:17). ഇങ്ങനെ താൻ പറഞ്ഞപ്പോൾ യഹൂദന്മാരിൽ ഉണ്ടായ പ്രതികരണം ശ്രദ്ധിക്കുക: 'ദൈവം സ്വന്തപിതാവ് എന്നു പറഞ്ഞുകൊണ്ട് തന്നെത്താൻ ദൈവത്തോട് സമമാക്കിയതുകൊണ്ടും, യഹൂദന്മാർ അവനെ കൊല്ലുവാൻ അധികമായി ശ്രമിച്ചുപോന്നു' (വി. യോഹ. 5:18).
2. 'ഞാനും പിതാവും ഒന്നാകുന്നു' (വി. യോഹ. 10:30). ഇങ്ങനെ കർത്താവ് പറഞ്ഞതിന്റെ ഫലമായി തന്നെ എറിവാൻ യഹൂദന്മാർ കല്ലെടുത്തു (വി. യോഹ. 10:31). യഹൂദന്മാർ അവനോട്: നല്ല പ്രവൃത്തി നിമിത്തമല്ല, ദൈവദൂഷണം നിമിത്തവും, നീ മനുഷ്യനായിരിക്കെ നിന്നെത്തന്നെ ദൈവമാക്കുന്നതുകൊണ്ടുമത്രെ ഞങ്ങൾ നിന്നെ കല്ലെറിയുന്നത് എന്ന് ഉത്തരം പറഞ്ഞു' (വി.യോഹ. 10:33). ഇതിനു കർത്താവു പറഞ്ഞ മറുപടിയും ശ്രദ്ധേയമാണ്. അവർ പറഞ്ഞതിനെ താൻ താഴെ പറയുന്ന മറുപടിയിൽക്കൂടി ഉറപ്പിക്കുകയാണു ചെയ്തത്. 'ഞാൻ എന്റെ പിതാവിന്റെ പ്രവൃത്തി ചെയ്യുന്നില്ലെങ്കിൽ എന്നിൽ വിശ്വസിക്കേണ്ട' (വി. യോഹ. 10:37).

3. എന്നെ കണ്ടിരിക്കുന്നവൻ പിതാവിനെ കണ്ടിരിക്കുന്നു. പിന്നെ പിതാവിനെ ഞങ്ങൾക്ക് കാണിച്ചുതരണമെന്ന് നീ പറയുന്നത് എങ്ങനെ? (വി. യോഹ. 14:9) എന്ന് കർത്താവ് പറയുന്നതിനാൽ, പിതാവും താനുമായി ഒരു വ്യത്യാസവുമില്ലെന്ന് അവകാശപ്പെടുന്നു.

4. ''തോമസ് അവനോട് 'എന്റെ കർത്താവും എന്റെ ദൈവവുമായുള്ളോവേ' എന്ന് ഉത്തരം പറഞ്ഞു. യേശു അവനോട്: നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു: കാണാതെ വിശ്വസിച്ചവർ ഭാഗ്യവാന്മാർ'' (വി. യോഹ. 20:28,29). തോമാശ്ലീഹ പറഞ്ഞതിനെ കർത്താവ് ഉറപ്പിക്കുകയാണു ചെയ്തത്: അതായത് ഞാൻ യഥാർത്ഥത്തിൽ ദൈവം തന്നെയാണ്.

'ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും....' (വി. മത്താ. 28:19) എന്നു കർത്താവു പറയുന്നിടത്ത് നാമങ്ങളിൽ എന്നല്ല, നാമത്തിൽ എന്നാണ് പറയുന്നത്. അതിനാൽ മൂവരും ചേർന്ന്, ഒരാൾ ആണെന്ന അർത്ഥം; വരുന്നു.

'നിങ്ങളുടെ വാക്ക് ഉവ്വ്, ഉവ്വ് എന്നും, ഇല്ല, ഇല്ല എന്നും ആയിരിക്കട്ടെ. ഇതിൽ അധികമായത് ദുഷ്ടനിൽനിന്ന് വരുന്നു' (വി. മത്താ. 5:37) എന്നരുളിച്ചെയ്ത കർത്താവ് അതിശയോക്തിയായി ഒന്നും പറയുന്നവനല്ല. അതിനാൻ താൻ യഥാർത്ഥത്തിൽ ദൈവം തന്നെയെന്ന് നമുക്കു തന്റെ പ്രസ്താവനകളിൽ നിന്നും വിശ്വസിക്കാം.

## c) എബ്രായ ലേഖനകർത്താവിന്റെ സാക്ഷ്യം:

1. (എബ്രാ. 13:8) ''യേശുക്രിസ്തു ഇന്നും ഇന്നലെയും എന്നന്നേക്കും അനന്യൻ (മാററമില്ലാത്തവൻ) തന്നെ.'' [Jesus Christ is the same yesterday today and for ever] 'മാററമില്ലാത്തവൻ' എന്ന വിശേഷണം ദൈവത്തിനു മാത്രമുള്ളതാണ്. 'യഹോവയായ ഞാൻ മാററമില്ലാത്തവൻ: അതുകൊണ്ട് യാക്കോബിന്റെ പുത്രന്മാരെ, നിങ്ങൾ മുടിഞ്ഞുപോകാതിരിക്കുന്നു' (മലാ. 3:6). അതിനാൽ യേശുക്രിസ്തു ദൈവംതന്നെയാണ്,



2. 'ആദ്യജാതനെ പിന്നെയും ഭൂതലത്തിലേക്ക് പ്രവേശിപ്പിക്കുമ്പോൾ, ദൈവത്തിന്റെ സകല ദൂതന്മാരും അവനെ നമസ്കരിക്കണമെന്ന് അവൻ അരുളിച്ചെയ്യുന്നു' (എബ്രാ. 1:6). ആദ്യജാതനെന്നു പറയുന്നത് യേശുക്രിസ്തു ആണല്ലോ. യഹോവയെ അല്ലാതെ മറെറാരു ദേവനെയോ വിഗ്രഹത്തെയോ നമസ്കരിക്കരുതെന്നു കല്പിച്ചതും (പുറ. 20:1–6) ആദ്യജാതനെ നമസ്കരിക്കാൻ കല്പിച്ചതും തമ്മിൽ പൊരുത്തപ്പെടുത്തുവാൻ, ഒരു വഴിയെ ഉള്ളു. യഹോവ ത്രിത്വമാണ്. ത്രിത്വത്തിൽ ഒരുവനായ ആദ്യജാതനെ നമസ്കരിക്കുന്നത്, യഹോവയെ മാത്രം സേവിക്കണമെന്ന് പറഞ്ഞതിനു വിരുദ്ധമാകയില്ലല്ലോ. അതിനാൽ യേശുക്രിസ്തു ദൈവം തന്നെയെന്നും, ത്രിത്വത്തിൽ ഒരുവനെന്നും ഇവിടെ വ്യക്തമാകുന്നുണ്ട്.

## d) വി. യോഹന്നാൻ ശ്ലീഹായുടെ സാക്ഷ്യം:

1. 'വചനം ദൈവമായിരുന്നു' (വി. യോ. 1:1). വചനം യേശുക്രിസ്തു ആയതിനാൽ യേശുക്രിസ്തു ദൈവമാണെന്ന്, ഇവിടെ വ്യക്തമാക്കിയിരിക്കുന്നു.

2. 'ഞാൻ ആൽഫായും ഒമേഗായും, ഒന്നാമനും ഒടുവിലത്തവനും, ആദിയും അന്തവുമാകുന്നു' (വെളി. 22:13). ഇത് യേശുക്രിസ്തുവിനെക്കുറിച്ചാണെന്ന് അതിനുമുമ്പുള്ള വാക്യങ്ങളിൽനിന്ന് മനസ്സിലാക്കാം. 'ഇതാ ഞാൻ വേഗം വരുന്നു. ഓരോരുത്തന്, അവനവന്റെ പ്രവൃത്തിക്ക് തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കലുണ്ട്.' ലോകത്തെ ന്യായം വിധിക്കുന്നത് പുത്രനാണല്ലോ (വി: യോഹ. 5:22). മാത്രവുമല്ല, യേശു എന്ന ഞാൻ സഭകൾക്കു വേണ്ടി നിങ്ങളോട് ഇതു സാക്ഷിപ്പാൻ എന്റെ ദൂതനെ അയച്ചു' (വെളി. 22:16) എന്നും കാണുന്നു. ആൽഫയും ഒമേഗയുമെന്ന വിശേഷണം ദൈവത്തിനു മാത്രമുള്ളതാണ്. പിതാവിനെക്കുറിച്ച് ഇതു പറയുന്നുണ്ട്. ''ഞാൻ ആൽഫായും ഒമേഗായുമാകുന്നു (ആദിയും അന്തവും) എന്ന് ഇരിക്കുന്നവനും, ഇരുന്നവനും, വരുവാനിരിക്കുന്നവനുമായി, സർവ്വശക്തിയുള്ള ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു' (വെളി. 1:8). അതിനാൽ പുത്രൻ സാക്ഷാൽ ദൈവമാകുന്നു,

**2) പുത്രൻ ദൈവമെങ്കിൽ, പിതാവിനോട് പ്രാർത്ഥിക്കുന്നതും, പിതാവിന്റെ ഹിതത്തിന് കീഴ്പ്പെടുന്നതും പിതാവിന്റെ തൃക്കരങ്ങളിൽ തന്നെത്തന്നെ ഭാരമേല്പിക്കുന്നതുമെങ്ങനെയാണ്?**

മനുഷ്യാവതാരത്തിൽ പുത്രൻ സ്വയം താഴ്ത്തിയതിനാലാണ് ഇപ്രകാരം ചെയ്യുവാനിടയായത്. ''അവൻ ദൈവമഹത്വത്തിൽ ഇരിക്കെ, ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണമെന്ന് വിചാരിക്കാതെ, ദാസരൂപമെടുത്ത് മനുഷ്യസാദൃശ്യത്തിലായി, തന്നെത്താൻ ഒഴിച്ച്, വേഷത്തിൽ മനുഷ്യനായി വിളങ്ങി, തന്നെത്താൻ താഴ്ത്തി, മരണത്തോളം കുരിശിലെ മരണത്തോളം തന്നെ, അനുസരണമുള്ളവനായി തീർന്നു'' (ഫിലി. 2:6–8) എന്ന് വി. പൗലോസ് കർത്താവിന്റെ മനുഷ്യാവതാരത്തിലെ സ്വയം താഴ്ത്തലിനെ വിവരിക്കുന്നു. എന്നാൽ നിത്യതയിൽ പുത്രൻ പിതാവിനോട് സമനാണ്.

# IV ഞായറാഴ്ച ആചരണം

ശാബത് മിഷ്യൻകാർ, ശാബത് ആചരണം ഒരിക്കലും മാററരുതാത്തതാണെന്നു പറഞ്ഞ് നമ്മിൽ ചിലരെ തെററിക്കുന്നതിനാൽ ഞായറാഴ്ച ആചരണത്തിന്റെ സാധുത്വത്തെ തെളിയിക്കുന്നതിനാണ് ഇതെഴുതുന്നത്.

പഴയനിയമത്തിലെ ന്യായപ്രമാണത്തെക്കാൾ യേശുക്രിസ്തുവിൽകൂടിയുള്ള രക്ഷയ്ക്കാണ് ക്രിസ്ത്യാനികൾ കേന്ദ്രപ്രാധാന്യം നൽകുന്നത്. തന്മൂലം ഞായറാഴ്ച കർത്തൃദിനമായി കൊണ്ടാടുന്നു. ആ ദിവസം ആത്മീയപ്രവർത്തനങ്ങൾക്കുള്ള അവസരമായി വേർതിരിച്ചിരിക്കുന്നു. അന്ന് ലൗകികവേലകളിൽ നിന്നുള്ള വിശ്രമമാണെങ്കിലും പൂർണ്ണ വിശ്രമമല്ല.

പഴയനിയമകാലത്ത് ഏഴാം ദിവസമായ ശനിയാഴ്ച, വിശ്രമദിവസമായി വിശുദ്ധീകരിക്കണമെന്ന് ദൈവകല്പനയുണ്ടായിരുന്നു. അത് ഒന്നാമത് – ദൈവം സൃഷ്ടിയിൽനിന്ന്



വിരമിച്ച് വിശ്രമിച്ചതിന്റെ സ്മരണയ്ക്കുവേണ്ടിയായിരുന്നു.
'ശാബത് നാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക. ആറു ദിവസം
അദ്ധ്വാനിച്ച് നിന്റെ വേലയൊക്കെയും ചെയ്ക. ഏഴാം ദിവ
സം നിന്റെ ദൈവമായ യഹോവയുടെ ശാബത് ആകുന്നു;
അന്ന് നീയും നിന്റെ പുത്രനും പുത്രിയും നിന്റെ വേലക്കാര
നും വേലക്കാരത്തിയും നിന്റെ കന്നുകാലികളും നിന്റെ പ
ടിവാതില്ക്കകത്തുള്ള പരദേശിയും ഒരു വേലയും ചെയ്യരുത്.
ആറു ദിവസംകൊണ്ട് യഹോവ ആകാശവും ഭൂമിയും സമുദ്രവും
അവയിലുള്ളതൊക്കെയും ഉണ്ടാക്കി. ഏഴാം ദിവസം സ്വസ്ഥ
മായിരുന്നു. അതുകൊണ്ട് യഹോവ ശാബത് നാളിനെ അനു
ഗ്രഹിച്ച് ശുദ്ധീകരിച്ചിരിക്കുന്നു' (പുറ. 20:8–11). എന്നാൽ
ആവർത്തന പുസ്തകത്തിൽ ശാബതാചരണത്തിന് മറെറാരു
കാരണമാണു പറയുന്നത്. 'നിന്റെ ദൈവമായ യഹോവ നി
ന്നോടു കല്പിച്ചതുപോലെ ശാബത് നാൾ ശുദ്ധീകരിച്ച് ആച
രിക്കുക. ആറു ദിവസം അദ്ധ്വാനിച്ച് നിന്റെ വേലയൊക്കെ
യും ചെയ്ക. ഏഴാം ദിവസമോ നിന്റെ ദൈവമായ യഹോവ
യുടെ ശാബതാകുന്നു. അന്നു നീയും നിന്റെ മകനും മകളും
നിന്റെ വേലക്കാരനും വേലക്കാരത്തിയും നിന്റെ കാളയും ക
ഴുതയും നിനക്കുള്ള യാതൊരു നാല്ക്കാലിയും നിന്റെ പടിവാ
തില്ക്കകത്തുള്ള അന്യനും ഒരു വേലയും ചെയ്യരുത്. നി
ന്റെ വേലക്കാരനും വേലക്കാരത്തിയും നിന്നെപ്പോലെ സ്വ
സ്ഥമായിരിക്കേണ്ടതിനുതന്നെ. നീ മിസ്രയീം ദേശത്ത് അടി
മയായിരുന്നെന്നും അവിടെനിന്നും നിന്റെ ദൈവമായ യഹോ
വ നിന്നെ ബലമുള്ള കൈകൊണ്ടും നീട്ടിയ ഭുജംകൊണ്ടും പുറ
പ്പെടുവിച്ചു എന്നും ഓർക്ക. അതുകൊണ്ട് ശാബത്തുനാൾ ആചരി
പ്പാൻ നിന്റെ ദൈവമായ യഹോവ നിന്നോടു കല്പിച്ചു.'
(ആവ. 5:12–15).

നമ്മുടെ കർത്താവിന്റെ കുരിശുമരണത്തിൽകൂടിയും ഉയി
ർത്തെഴുന്നേല്പിൽകൂടിയുമാണ് നമുക്കു രക്ഷ ലഭിച്ചിരിക്കുന്നത്.
തന്റെ ഉയിർപ്പ്, ഞായറാഴ്ചയായിരുന്നല്ലോ. 'ക്രിസ്തു ഉയിർ
ത്തിട്ടില്ലെങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥമത്രെ. നിങ്ങൾ
ഇന്നും നിങ്ങളുടെ പാപങ്ങളിൽ ഇരിക്കുന്നു' (1 കൊരി. 15:17)
എന്ന് വിശുദ്ധ പൗലോസ് പറയുന്നു. ഇതിനും പുറമെ നമു
ക്ക് വീണ്ടും ജനനം നൽകുന്ന പരിശുദ്ധാത്മാവ് ശിഷ്യന്മാരു

ടെ മേൽ വന്നു് ആവസിച്ചതു് പെന്തിക്കോസ്തു ഞായറാഴ്ച ആയിരുന്നു. സാത്താനിൽനിന്നും പാപത്തിൽനിന്നുമുള്ള വിടുതൽ ലഭിച്ചതും പരിശുദ്ധാത്മദാനം ലഭിച്ചതും സൃഷ്ടിപ്പിനുശേഷമുള്ള ഏഴാം ദിവസത്തെ വിശ്രമത്തെക്കാളും മിസ്രയീമിൽനിന്നുള്ള ഇസ്രായേല്യരുടെ വിമോചനത്തെക്കാളും വലിയതാണു്.

കർത്താവിന്റെ ദിനമായി നാം ഞായറാഴ്ച കൊണ്ടാടുമ്പോൾ ലൗകികവേലകളിൽ നിന്നുള്ള വിശ്രമവും ആത്മീയ പ്രവർത്തനങ്ങൾക്കുള്ള അവസരവുമായിട്ടാണു് കൊണ്ടാടുന്നതു്. അതിനാൽ ഞായറാഴ്ചയെ പഴയനിയമത്തിലെ ശാബതിനെക്കാൾ കൂടുതൽ അർത്ഥവത്തായി നാം ആചരിക്കുന്നു.

പഴയനിയമത്തിലെ കല്പനകളിൽ വ്യത്യാസം വരുത്തായിരിക്കുന്നതിനു് മറെറാരു ഉദാഹരണമാണു് പരിച്ഛേദന വേണ്ടെന്നു് നിശ്ചയിച്ചതു് (അപ്പോ. 15:1–29). പരിച്ഛേദനയ്ക്കു് ആത്മീയ അർത്ഥം നൽകി, മാമോദീസായിൽ അതു് നിവർത്തിക്കുന്നു. ശാബത്തു മിഷ്യൻകാർ പരിച്ഛേദന വേണ്ടെന്നുവച്ചിരിക്കുന്നതിനാൽ ശനിയാഴ്ച ആചരണത്തെ അവർ മുറുകെ പിടിക്കുന്നതിനു് അർത്ഥമില്ല.

ഞായറാഴ്ച ആചരണം ആദിമസഭയിൽ ആരംഭിച്ചതാണു്. 'ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ ഞങ്ങൾ അപ്പം നുറുക്കുവാൻ കൂടിവന്നപ്പോൾ പൗലോസ് പിറെറന്നാൾ പുറപ്പെടുവാൻ ഭാവിച്ചതുകൊണ്ടു് അവരോടു് സംഭാഷിച്ചു് പാതിരാവരെയും പ്രസംഗം നീട്ടി' (അപ്പോ. 20:7).

## നമ്മുടെ കർത്താവ് ന്യായപ്രമാണത്തെയും ശാബതിനെയും കുറിച്ച് എന്തു പറയുന്നു?

'ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കേണ്ടതിന്നു് വന്നു എന്നു നിരൂപിക്കരുതു്; നീക്കുവാനല്ല, നിവർത്തിപ്പാനത്രേ ഞാൻ വന്നതു്' (വി. മത്താ. 5:17) എന്നു് കർത്താവു പറഞ്ഞു. അതേസമയത്തു് അന്ധമായ ന്യായപ്രമാണാനുസരണത്തെ താൻ എതിർത്തിരുന്നു. ന്യായപ്രമാണത്തെക്കാൾ ഉയർന്ന കാര്യങ്ങൾ താൻ പഠിപ്പിക്കുകയും ചെയ്തു. 'കൂട്ടുകാരനെ സ്നേഹിക്ക എന്നും ശത്രുവിനെ പകെയ്ക്ക എന്നും അരുളിച്ചെയ്തതു് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നതു്, നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ; സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനു് പുത്രന്മാരായിത്തീരേണ്ടതിനു തന്നെ' (വി. മത്താ. 5:43, 44 a).



ശാബതിൽ വെറുതെയിരിക്കാതെ നന്മ ചെയ്യണമെന്നാണു് താൻ പഠിപ്പിച്ചതു്. തളർവാതക്കാരനെ സൗഖ്യമാക്കിയതിനുശേഷം താൻ പറഞ്ഞു 'എന്റെ പിതാവ് ഇന്നുവരെയും പ്രവർത്തിക്കുന്നു; ഞാനും പ്രവർത്തിക്കുന്നു' (വി. യോഹ. 5:17).

## വി. പൗലോസ് ന്യായപ്രമാണത്തെക്കുറിച്ചും ശാബതിനെക്കുറിച്ചും എന്തു പറയുന്നു?

വി. പൗലോസ് ന്യായപ്രമാണത്തെക്കാൾ യേശുക്രിസ്തുവിലുള്ള വിശ്വാസത്തിനാണു് പ്രാധാന്യം നൽകിയതു്. 'ഹാ, ബുദ്ധിയില്ലാത്ത ഗലാത്യരേ, യേശുക്രിസ്തു ക്രൂശിക്കപ്പെട്ടവനായി നിങ്ങളുടെ കണ്ണിനുമുമ്പിൽ വരെച്ചുകിട്ടിയിരിക്കെ നിങ്ങളെ ക്ഷുദ്രംചെയ്തു മയക്കിയതാരു്? ഞാൻ ഇതൊന്നു മാത്രം നിങ്ങളോടു ഗ്രഹിപ്പാൻ ഇച്ഛിക്കുന്നു. നിങ്ങൾക്കു ആത്മാവു് ലഭിച്ചതു് ന്യായപ്രമാണത്തിന്റെ പ്രവൃത്തിയാലോ വിശ്വാസത്തിന്റെ പ്രസംഗം കേട്ടതിനാലോ? നിങ്ങൾ ഇത്ര ബുദ്ധികെട്ടവരോ? ആത്മാവുകൊണ്ടു് ആരംഭിച്ചിട്ടു് ഇപ്പോൾ ജഡംകൊണ്ടോ സമാപിക്കുന്നതു്? ഇത്രയെല്ലാം വെറുതെ അനുഭവിച്ചുവോ? വെറുതെയെന്നുവരികിൽ! എന്നാൽ നിങ്ങൾക്കു് ആത്മാവിനെ നൽകി നിങ്ങളുടെ ഇടയിൽ വീര്യപ്രവൃത്തികളെ ചെയ്യുന്നവൻ ന്യായപ്രമാണത്തിന്റെ പ്രവൃത്തിയാലോ, വിശ്വാസത്തിന്റെ പ്രസംഗത്താലോ അങ്ങനെ ചെയ്യുന്നതു്? (ഗലാ. 3:1-5) എന്നു് വി. പൗലോസ് ചോദിക്കുന്നു.

ന്യായപ്രമാണം ക്രിസ്തുവിങ്കലേക്കു് നയിക്കുന്ന ഗുരുപാലകൻ മാത്രമാണെന്നു് വി. പൗലോസ് പറയുന്നു. 'വിശ്വാസം വരുംമുമ്പെ നമ്മെ വെളിപ്പെടുവാനുള്ള വിശ്വാസത്തിനായിക്കൊണ്ടു് ന്യായപ്രമാണത്തിൻകീഴ് അടച്ചു സൂക്ഷിച്ചിരുന്നു. അങ്ങനെ നാം വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിനു്

ന്യായപ്രമാണം ക്രിസ്തുവിന്റെ അടുക്കലേക്കു് നടത്തുവാൻ നമുക്കു് ശിശുപാലകനായി ഭവിച്ചു. വിശ്വാസം വന്നശേഷമോ നാം ഇനി ശിശുപാലകന്റെ കീഴിലല്ല, ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നിങ്ങളെല്ലാവരും ദൈവത്തിന്റെ മക്കളാകുന്നു' (ഗലാ. 3:23-26). നമ്മുടെ രക്ഷ ന്യായപ്രമാണത്തിന്റെ ആചരണത്തിൽ കൂടിയല്ല നമുക്കു് ലഭിക്കുന്നതു്. 'ന്യായപ്രമാണത്താൽ നീതി വരുന്നു എങ്കിൽ ക്രിസ്തു മരിച്ചതു് വെറുതെയല്ലോ' (ഗലാ. 2:21 b). 'അതുകൊണ്ടു് ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും ദൈവസന്നിധിയിൽ നീതീകരിക്കപ്പെടുകയില്ല' (റോമ. 3:20 a).

വി. പൗലോസ് ആചാരങ്ങളെക്കുറിച്ചും ശാബതിനെക്കുറിച്ചും പറയുന്നുണ്ടു്. 'അതുകൊണ്ടു് ഭക്ഷണപാനങ്ങൾ സംബന്ധിച്ചോ, പെരുന്നാൾ, വാവു്, ശാബതു് എന്നീ കാര്യത്തിലോ ആരും നിങ്ങളെ വിധിക്കരുതു്. ഇവ വരുവാനുള്ളവയുടെ നിഴലത്രെ. ദേഹമെന്നതോ ക്രിസ്തുവിനുള്ളതു്. (കൊലോ. 2:16,17).

### വേദപുസ്തകം വ്യാഖ്യാനിക്കുന്നതിനുള്ള അധികാരം ആർക്കാണു്?

ക്രിസ്തീയസഭയിൽ ആളുകളെ ചേർക്കുന്നതിനു് പരിച്ഛേദന ആവശ്യമാണോ എന്ന തർക്കമുണ്ടായപ്പോൾ അപ്പോസ്തോലന്മാരും മൂപ്പന്മാരും ഒരുമിച്ചുകൂടി ഒരു തീരുമാനത്തിൽ എത്തിച്ചേർന്നു (അപ്പോ. 15:1-29). ന്യായപ്രമാണത്തിലെ ഒരു കല്പനയായ പരിച്ഛേദന വേണ്ടെന്നാണു് അവർ തീരുമാനിച്ചതു്. ഈ തീരുമാനം ഒരു ലേഖനത്തിൽകൂടി അന്ത്യോക്യയിലെ സഭയെ അറിയിച്ചു. അതിൽ ഇങ്ങനെ എഴുതി: 'വിഗ്രഹാർപ്പിതം, ശ്വാസംമുട്ടിച്ചത്തതു്, പരസംഗം എന്നിവ വർജ്ജിക്കുന്നതു് ആവശ്യമെന്നല്ലാതെ അധികമായ ഭാരമൊന്നും നിങ്ങളുടെമേൽ ചുമത്തരുതെന്നു് പരിശുദ്ധാത്മാവിനും ഞങ്ങൾക്കും തോന്നിയിരിക്കുന്നു' (അപ്പോ. 15:28). അതിനാൽ എപ്പിസ്കോപ്പന്മാരുടെ സുന്നഹദോസാണു് വേദപുസ്തകം വ്യാഖ്യാനിക്കേണ്ടതും തർക്കങ്ങൾക്കു് പരിഹാരം കണ്ടെത്തേണ്ടതും സഭയെ കേൾക്കാത്തവനോടു് സംസർഗ്ഗമരുതു് (വി. മത്താ. 18:17). എന്നു കർത്താവു് പറയുന്നു.



### സഭയിലെ പിരിച്ചിലുകൾ കർത്താവിനു് അപമാനം വരുത്തുന്നു.

കർത്താവു് തന്റെ മരണത്തിന്റെ തലേ രാത്രിയിൽ തന്നിൽ വിശ്വസിക്കുന്നവരുടെ ഐക്യത്തിനായി പ്രാർത്ഥിച്ചു. 'ഇവർക്കുവേണ്ടി മാത്രമല്ല, ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാൻ ഇരിക്കുന്നവർക്കുവേണ്ടിയും ഞാൻ അപേക്ഷിക്കുന്നു. നീ എന്നെ അയച്ചു എന്നു ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിനു് പിതാവേ നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിനു തന്നെ' (വി. യോഹ. 17:20,21). ഓരോ വ്യക്തിയും സ്വന്ത യുക്തി വച്ചുകൊണ്ടു് വേദപുസ്തകം വ്യാഖ്യാനിക്കുവാൻ തുടങ്ങിയാൽ പിരിച്ചിലുകൾ വർദ്ധിക്കും. അതു് കർത്താവിന്റെ ബഹുമാനത്തിനല്ല, അപമാനത്തിനു് കാരണമാകും. മാത്രവുമല്ല, ഇത്തരം തർക്കങ്ങൾ ഗൗരവതരമായ വിഷയങ്ങളിൽനിന്നു് നമ്മുടെ ശ്രദ്ധയെ തിരിച്ചുകളകയും ചെയ്യും.

# സെമിനാരി പാരിഷ് മിഷൻ

## എന്ത്?

ഇടവകകളിൽ ആത്മീക നവോത്ഥാനം കൈവരുത്താൻ സെമിനാരി അദ്ധ്യാപകരും വിദ്യാർത്ഥികളും ഒരുമിച്ച് നടത്തുന്ന പ്രവർത്തനം.

## എന്തെല്ലാം?

സുവിശേഷ പ്രസംഗങ്ങൾ, വേദപഠനക്ലാസ്സുകൾ, ഗാനപരിശീലനം, കുട്ടികൾക്കുള്ള പ്രത്യേകക്ലാസ്സുകൾ, ഭവനസന്ദർശനം, ഫിലിം പ്രദർശനം മുതലായവ.

## എപ്പോൾ?

എല്ലാ വർഷവും ക്രിസ്മസ്സ് അവധിക്കും മദ്ധ്യവേനൽ അവധിക്കും ഒരാഴ്ചക്കാലം.

## എങ്ങനെ ക്രമീകരിക്കാം?

പാരിഷ് മിഷൻ ഡയറക്ടർ, ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, കോട്ടയം എന്ന വിലാസത്തിൽ അന്വേഷിക്കുക.

*Printed at the Nalathra Printers, Kottayam-1*